**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2559** **12-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണം സംബന്ധിച്ച കേന്ദ്ര സർക്കാർ നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സ്മാർട്ട് പ്രീ പെയ്ഡ് മീറ്റർ ഉപയോഗിച്ച് മാത്രം വൈദ്യുതി വിതരണം നടപ്പിലാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ ഉത്തരവിന്റെ വിശദാംശങ്ങൾ അറിയിക്കുമോ? | (എ) | കേന്ദ്ര സർക്കാർ 19.08.2021-ൽ പ്രസിദ്ധികരിച്ച ഗസറ്റ് പ്രകാരം രാജ്യത്തെ കൃഷി ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഒഴികെയുള്ള എല്ലാ വൈദ്യുതി കണ ക്ഷനുകൾക്കും 2025 മാർച്ചോടെ പ്രീപെയ്ഡ് സ്മാർട്ട് മീറ്റർ ഏർപ്പെടുത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയായ RDSS (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം)-ൽ എല്ലാ വിഭാഗത്തിലുമുള്ള ഉപഭോക്താക്കൾക്കുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉൾപ്പെട്ട ത്തിയിട്ടുണ്ട്. കേന്ദ്ര ഊർജ്ജ വകുപ്പ് 20.07.2021-ൽ പ്രസ്തുത പദ്ധതി വിജ്ഞാപനം ചെയ്തിട്ടുള്ള താകുന്നു. ഉപ-പ്രസരണ - വിതരണ രംഗത്ത് വിഭാവനം ചെയ്യുന്ന പരിഷ്കാര പ്രവർത്തനങ്ങൾ മൂലം ഗുണമേന്മയുള്ള 24 x 7 വൈദ്യുതിയും, ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും, മെച്ചപ്പെട്ട കാര്യക്ഷമതയും, വിശ്വാസ്യതയും, പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഫീഡർ/ ട്രാൻസ്ഫോർമർ മീറ്ററുകളും സർക്കാർ / വാണിജ്യ / വ്യവസായ സ്ഥാപനങ്ങളുടെ മീറ്ററുകളും മാറ്റി സ്ഥാപിക്കാൻ നിർദേശിച്ചിട്ടുണ്ട്. മീറ്റർ വിലയുടെ 15%, (അഥവാ പരമാവധി മീറ്ററിന് 900 രൂപ വരെ) കേന്ദ്ര വിഹിതമായി "റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം" പദ്ധതി പ്രകാരം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ